# കോട്ടയം രാജാസ് ഹൈസ്കൂൾ

## പാതിരിയാട്

## ലിറ്റിൽ കൈറ്റ്സ്

# മൊഴിച്ചന്തം

## ഡിജിറ്റൽ മാഗസിൻ

## 2019-20

# അംഗങ്ങൾ

മുഹമ്മദ് സിനാൻ

മുഹമ്മദ് അജ്ഫാൻ

അനന്തു ഒ.എം

അജ്മൽ.കെ.എ

അഭിജിത്ത്.എം

സങ്കീർത്ത് കടുമ്പേരി

ദിൻഷ.എം.സി

തൻവീർ

മുഹമ്മദ് ഉവൈസ് അബ്ദുള്ള

പ്രിയ.പി

ആദി കൃഷ്ണ.ഐ.വി

ഹരിപ്രിയൻ.കെ.പി

അനശീ.പി.കെ

പാതിരിയാട് കോട്ടയം രാജാസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും

**എ.രജനി**

**ഹെഡ്മിസ്ട്രസ്സ്**

# ഉള്ളടക്കം

നിറങ്ങൾ (കവിത) ദിവാകരൻ

മാനസവീണ ( കവിത ) കെ.പി.രാമചന്ദ്രൻ

കുസൃതിച്ചോദ്യങ്ങൾ - ശേഖരണം ദിൽജിത്ത്

കുമാരനാശാൻ ജീവചരിത്രം - അവലംബം വിക്കിപീഡിയ

ടോൾസ്റ്റോയിയുടെ കുട്ടിക്കഥകൾ - സമ്പാദനം - പ്രിയ

ഓണം (കവിത) ചിൻമയ്

ലളിതം ( കവിത ) അക്ഷയ്

# നിറങ്ങൾ

നിറങ്ങളേഴും ചാലിച്ചെഴുതിയ
മഴവില്ലഴകാണെൻ ബാല്യം
പ്രപഞ്ചമാകെ മധുരിതമാക്കിയ
പ്രഭാകണങ്ങൾ അതിനുള്ളിൽ
പിതാവ് ചൂണ്ടിയ കൈവിരലിന്നും
തെളിഞ്ഞു കാൺമല മമ ഹൃത്തിൽ
ഓർമ്മകളിടനെഞ്ചോരം ചേർന്നു
വരി വരിയായി നിന്നൊഴുകുമ്പോൾ
കടുത്ത പച്ചനിറം പോലെ നടെ
ഹൃദയം ഹരിതം പരിശുദ്ധം
നിരന്നു നിൽപ്പൂ ചുറ്റിലുമെന്നുടെ
കിനാവിലും നിറമിതു തന്നെ
വയലേലകളിൽ നവമൊരു
വിപ്ലവഗാനമുയർന്നു ഹരിതത്തിൽ
മലകൾ വീണു മരിച്ചു കിടപ്പൂ വയലുകൾ
നെൽച്ചെടി മോഹങ്ങൾ
അകന്നുപോയി ഹരിതാഭകളും
ഹരിത നിറം വെറുമപഹാസ്യം
കരഞ്ഞിരിക്കാമിനിയീ മണ്ണിൽ
കറുത്ത നിറവും നെഞ്ചേറ്റി
കണ്ടും കേട്ടുമിരിക്കുമ്പോൾ
കണ്ണനുണർന്നു മമ ഹൃത്തിൽ
മറന്നിടാമിനി വിഷാദ രാഗം
മഞ്ഞച്ചിറ്റുടയാടകളിൽ

ദിവാകരൻ

**കുസൃതി ചോദ്യങ്ങൾ.**

**ശേഖരണം ദിൽജിത്ത്**

**1 ഏറ്റവും തിരക്കുള്ള ഫുട്ബോൾകളിക്കാർ ഏത് രാജ്യത്തിനാണ്?**

**- അർജെന്റിന**

**2 1947 ൽബ്രിട്ടീഷുകാർഇന്ത്യയിൽനിന്നും പിൻവാങ്ങുവാനുള്ള കാരണമെന്ത്?**

**- അന്ന് ബ്രിട്ടനിൽ പിൻഉണ്ടാക്കി തുടങ്ങിയിരുന്നില്ല.**

**3 1947 ൽബ്രിട്ടീഷുകാർഇന്ത്യയിൽനിന്നും പിൻവാങ്ങുവാനുള്ള കാരണമെന്ത്?**

**- അന്ന് ബ്രിട്ടനിൽ പിൻഉണ്ടാക്കി തുടങ്ങിയിരുന്നില്ല.**

**4 അവിവാഹിതകളായ യുവതികൾ മാതാ പിതക്കളോട് പറയുന്ന ഇംഗ്ലീഷ് അക്ഷരങ്ങൾ**

**N A K T Q ( എന്നെ കെട്ടിക്കു )**

**5 എപ്പോഴും തണുത്തു വിറച്ചിരിക്കുന്ന അക്ഷരം?**

**- ബി( കാരണം - എ ക്കും സി ക്കും ഇടയിലാണ് ബി ) 10.വലിക്കും തോറും നീളം കുറയുന്ന ഒരു വസ്തു - ബീഡി**

**11.ഇടം കയ്യനായ ഒരാൾഗ്ലാസിൽപഞ്ചസാരയിട്ട് ഇളക്കുന്നത് ഏതു കൈകൊണ്ടു . സ്പൂണുകൊണ്ട്**

**12.ഒരു മാവിൽഅഞ്ചു മാങ്ങാ പഴുത്തു നിൽക്കുന്നു . ഇന്നലെ ഞാൻസ്കൂളിലേക്ക് പോകുമ്പോൾഒന്ന് വീണു. തിരികെ വരുമ്പോൾഒന്ന് വീണു .പിന്നെ എത്ര പഴുത്ത മാങ്ങാ മാവിൽഉണ്ട്. അഞ്ച് ( വീണത് ഞാനാണ് )**

**13.മിന്നലും KSEB വൈദ്യുതിയും വെളിച്ചം തരുന്നു . പക്ഷെ രണ്ടും തമ്മിൽ ഒരു വ്യത്യാസം ഉണ്ട് . എന്താണ്? മിന്നലിനു ബിൽ അടക്കണ്ടാ . KSEB വൈദ്യുതിക്ക് ബിൽ അടക്കണം**

# കുമാരനാശാൻ

മലയാളകവിതയുടെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് എൻ. കുമാരനാശാൻ(ഏപ്രിൽ 12 1873 - ജനുവരി 16, 1924). ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.

എൻ. കുമാരനാശാൻ

ജനനം12 ഏപ്രിൽ 1873

അഞ്ചുതെങ്ങ് കായിക്കര, തിരുവനന്തപുരം

മരണം16 ജനുവരി 1924(പ്രായം 50)

പല്ലന

തൊഴിൽകവി, തത്ത്വജ്ഞാനി.സ്വാധീനിച്ചവർ

ഉള്ളൂർ എസ്. പരമേശ്വരയ്യർ

കുമാരനാശാൻ

1873 ഏപ്രിൽ 12-ന് ചിറയിൻകീഴ് താലൂക്കിൽ

**അവലംബം വിക്കിപീഡിയ**

# മാനസവീണ

മാനസവീണതൻ തന്ത്രികൾ മീട്ടുമ്പോൾ
ശ്രുതി തേടി ഞാനും പറന്നിടുന്നു
ദുഃഖത്തിൻ ശീലുകൾ പാടുമീ ജീവിതം
ദു:ഖിത രാഗാർദ്രമീ നിയോഗം..........
നെഞ്ചകം നീറുമ്പോൾ ഇടറിയ ഗാനങ്ങൾ
നെഞ്ചിലൊരു ചന്തമായി ആളിടുന്നു
അഞ്ചിതമാകുമാ ബാല്യത്തിന്നോളങ്ങൾ
പൂഞ്ചോല പോലെങ്ങും നുര ചിതറി
നിറദീപമായി നിറ ഗന്ധമായി മനസ്സിലും
ഊറുന്നു സ്നേഹം കതിർക്കുലകൾ
ആറാത്ത സ്വപ്നങ്ങളൊക്കെയും കോലായിൽ
വീറോടെ പൊരുതുന്നു ചീർക്കുന്നുവോ?

കെ പി .രാമചന്ദ്രൻ

# ടോൾസ്റ്റോയിയുടെ കുട്ടിക്കഥകൾ

സമ്പാദനം - പ്രിയ

## സഹായം

ഒരു കച്ചവടക്കാരന് ഒരു കുതിരയും ഒരു കഴുതയുമുണ്ടായിരുന്നു. ഭാരം മുഴുവൻ കഴുത ചുമക്കും. കുതിര മടിയനായതിനാൽ ഭാരമൊന്നും ചുമക്കാതെ സന്തോഷവാനായാണ് ചന്തയിൽനിന്നും മടങ്ങുക.

ഒരു ദിവസം കഴുതയും കുതിരയും വ്യാപാരിയും ചന്തയിൽനിന്ന് മടങ്ങുകയായിരുന്നു. കുറെയധികം ഭാരം കയറ്റിയതിനാൽ കഴുത നടക്കാൻ വളരെ പ്രയാസപ്പെട്ടു. അത് കുതിരയോടു പറഞ്ഞു:

'ചങ്ങാതി, എന്റെ പുറത്ത് ധാരാളം വസ്തുക്കളുണ്ട്. അവയുടെ കനത്ത ഭാരം നിമിത്തം താമസിയാതെ ഞാൻ വീണുപോകും. ഇതിൽ കുറച്ചു ഭാരം താങ്കൾ ചുമക്കുകയാണെങ്കിൽ എനിക്കു വലിയ സഹായമായേനേ!'

കുതിര പറഞ്ഞു:

'ഭാരം ചുമക്കേണ്ടത് നിന്റെ ജോലിയാണ്. ഞാൻ ഓട്ടക്കാരനാണ്. ഇത്തരം വിലകുറഞ്ഞ വസ്തുക്കൾ ചുമക്കാനൊന്നും എന്നെ കിട്ടില്ല!'

കഴുത പ്രയാസപ്പെട്ട് നടന്നുനടന്ന് ഒടുവിൽ വെയിലിൽ തളർന്നുവീണ് ചത്തു. കച്ചവടക്കാരൻ കഴുതയുടെ തോൽ ഉരിച്ച് മടക്കി കുതിരയുടെ പുറത്ത് കെട്ടിവെച്ചു. പിന്നെ കഴുത ചുമന്നിരുന്ന അത്രയും സാധനങ്ങളും.

വാസ്തവത്തിൽ അപ്പോഴാണ് കഴുത പറഞ്ഞതിൽ കാര്യമുണ്ടായിരുന്നു എന്ന് കുതിരയ്ക്കു മനസ്സിലായത്. കനത്ത ഭാരം നിമിത്തം കുതിര വേച്ചുവേച്ചു നടന്നു. ആ പാവം കഴുതയുടെ ആവശ്യം കേൾക്കാതിരുന്നത് തെറ്റായിപ്പോയെന്ന് കുതിരയ്ക്ക് അപ്പോൾ തോന്നി!

## ലാഭം

ഒരു സ്ത്രീ ഒരു പിടക്കോഴിയെ വളർത്തിയിരുന്നു. ദിവസവും ഒരു മുട്ട വീതം ആ കോഴി തന്റെ യജമാനത്തിക്കു നല്കി. മുട്ടയ്ക്കു നല്ല വില കിട്ടിത്തുടങ്ങിയതോടെ സ്ത്രീ വിചാരിച്ചു; കുറെക്കൂടി ആഹാരം കൊടുത്താൽ കോഴി ദിനംപ്രതി രണ്ടു മുട്ടകൾ ഇടുമെന്ന്. അങ്ങനെ അവർ ആ കോഴിക്ക് കൂടുതൽക്കൂടുതൽ ഭക്ഷണം കൊടുത്തു. കൂടുതൽ ഭക്ഷണം കിട്ടിത്തുടങ്ങിയതോടെ കോഴി തടിച്ചുതടിച്ച് രോഗിയായി. അതോടെ അതു

മുട്ടയിടാതാവുകയും ചെയ്തു.

## കഴുതക്കരച്ചിൽ

സിംഹം കഴുതയെയും കൂട്ടിയാണ് വേട്ടയ്ക്കിറങ്ങിയത്. കാട്ടിൽ ഒരിടത്തുവെച്ച് സിംഹം കഴുതയോട് ഉറക്കെ വിളിച്ച് മറ്റ മൃഗങ്ങളെ തന്റെ അടുക്കലേക്ക വരുത്താൻ കല്പിച്ചു. അങ്ങനെ കഴുതയുടെ ശബ്ദം കേട്ട് വരുന്ന മൃഗങ്ങളെ തനിക്കു ഭക്ഷിക്കാമെന്നായിരുന്നു സിംഹത്തിന്റെ കണക്കുകൂട്ടൽ.

കഴുത ഉറക്കെ കരച്ചിൽ തുടങ്ങി. അതു കേട്ട് ചില മൃഗങ്ങൾ ആ ഭാഗത്തേക്കു വന്നപ്പോൾ മറഞ്ഞിരുന്ന സിംഹം അവയെ ചാടിവീണ് പിടികൂടുകയും ചെയ്തു.

സിംഹം പറഞ്ഞു:

'നിന്റെ സ്വരത്തിലെ ഗാംഭീര്യംകൊണ്ടാണ് മൃഗങ്ങൾ ഇവിടേക്കു വന്നത്...മനോഹരമായ ശബ്ദമാണ് നിന്റേത്!'

പാവം കഴുത. സിംഹം കാര്യസാധ്യത്തിന്റെ സന്തോഷത്താൽ പറഞ്ഞത് അതു പൂർണമായും വിശ്വസിച്ചു. പിന്നീട് ഉറക്കെ കരച്ചിൽ അതൊരു ശീലമാക്കി മാറ്റി.

## സ്വാതന്ത്ര്യം തന്നെ ജീവിതം

ഒരിക്കൽ വിശന്നു വലഞ്ഞ ഒരു ചെന്നായ ഒരു പട്ടിയെ കണ്ടുമുട്ടി. തടിച്ചുകൊഴുത്ത, ആരോഗ്യവാനായ പട്ടിയെ കണ്ടപ്പോൾ ചെന്നായ ചോദിച്ചു:

'നീ നന്നായി തടിച്ചുകൊഴുത്തിരിക്കുന്നു. ഇത്ര അധികം ആഹാരം ആരാണ് നിനക്കു നല്കുന്നത്?'

പട്ടി പറഞ്ഞു:

'ഞാൻ ഒരു മനുഷ്യന്റെ സേവകനാണ്.... അദ്ദേഹമാണ് എനിക്ക് ആഹാരം നല്കുന്നത്...!'

'അപ്പോൾ അയാൾ നിന്നെക്കൊണ്ട് കഠിനമായ ജോലിയും ചെയ്യിപ്പിക്കുമായിരിക്കും അല്ലേ?'

ചെന്നായ ചോദിച്ചു.

പട്ടി പറഞ്ഞു:

'ഇല്ലേയില്ല.....ഞാൻ രാത്രി യജമാനന്റെ വീടിനു കാവൽ നില്ക്കും.... അതിനുള്ള പ്രതിഫലമാണ് ഭക്ഷണം...'

'അദ്ഭുതമായിരിക്കുന്നല്ലോ!' ചെന്നായ ആശ്ചര്യപൂർവം പട്ടിയുടെ അരികിൽ വന്നു ചോദിച്ചു:

'എങ്കിൽ നീ എന്നെയുംകൂടി നിന്റെ യജമാനന്റെ അടുത്തേക്കു കൊണ്ടുപോവൂ.... എനിക്കും ഭക്ഷണം കിട്ടുമല്ലോ...'

'തീർച്ചയായും.'

പട്ടി പറഞ്ഞു:

'നീയും എന്നോടൊപ്പം വന്നോളൂ!'

പട്ടിയും ചെന്നായയും യജമാനന്റെ വീട് ലക്ഷ്യമാക്കി നടന്നു. കുറെ നടന്നപ്പോഴാണ് പട്ടിയുടെ കഴുത്തിൽ തുടൽ കെട്ടിയ പാട് ചെന്നായ കണ്ടത്.

'ഇതെന്താണ് .....നിന്റെ കഴുത്തിൽ എന്തോ ഉരഞ്ഞ് രോമങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നല്ലോ...?'

ചെന്നായ ചോദിച്ചു.

പട്ടി പറഞ്ഞു:

'അതോ....യജമാനൻ എന്നെ തുടലിൽ പൂട്ടിയിടും...ആവശ്യത്തിനു മാത്രമേ തുറന്നുവിടാറുള്ളൂ!'

അതു കേട്ടപ്പോൾ ചെന്നായ പറഞ്ഞു:

'ഇപ്പോഴെങ്കിലും ഈ അടയാളം എന്റെ കണ്ണിൽപ്പെട്ടത് ഭാഗ്യം. അല്ലായിരുന്നെങ്കിൽ ഞാനും അകപ്പെട്ടേനേ..... സുഹൃത്തേ, എത്ര പട്ടിണി കിടക്കാനും ഞാൻ തയ്യാറാണ്... പക്ഷേ, എനിക്ക് സ്വാതന്ത്ര്യം വേണം....!'

ചെന്നായ തിരികെ കാട്ടിലേക്കു നടന്നു.

## കൊടുങ്കാറ്റ്

ഒരിക്കൽ കുറെ മത്സ്യത്തൊഴിലാളികൾ ഒരു വഞ്ചിയിൽ കടലിലൂടെ സഞ്ചരിക്കുകയായിരുന്നു. അപ്പോഴാണ് ഒരു കൊടുങ്കാറ്റ് ആർത്തലച്ചുവന്നത്. പോരാത്തതിന് മഴയും. കാറ്റിൽപ്പെട്ട് വഞ്ചി ആടിയുലഞ്ഞു. വഞ്ചി ഇപ്പോൾ മറിയുമെന്ന ഘട്ടത്തിലെത്തി.

ആളുകളെല്ലാം തുഴ താഴെവെച്ച് ദൈവത്തോടു പ്രാർഥിച്ചു.

'ദൈവമേ....ഞങ്ങളെ രക്ഷിക്കണേ!'

അപ്പോൾ കൊടുങ്കാറ്റ് വഞ്ചിയെ സമുദ്രത്തിലേക്കു വലിച്ചിഴയ്ക്കാൻ തുടങ്ങി. കരയിൽ

നിന്നും വഞ്ചി അകന്നകന്നു പോകവേ, ആളുകൾ പ്രാർഥനയെ മാത്രം ശരണം പ്രാപിച്ചു.

അപ്പോൾ വഞ്ചിയിലെ പ്രായംചെന്ന ഒരു മത്സ്യത്തൊഴിലാളി പറഞ്ഞു: 'കുട്ടരേ, നിങ്ങൾ എന്താണ് ചെയ്യുന്നത്.... ദൈവത്തെ വിളിക്കുക.... ഒപ്പം തുഴയെടുത്ത് വഞ്ചി കരയിലേക്കു തുഴയുകയും ചെയ്യുക. താൻ പാതി ദൈവം പാതി എന്നല്ലേ....നിങ്ങൾ നിങ്ങളുടെ പാതി നിറവേറ്റാതെ ദൈവത്തോടു കേഴുന്നതിലെന്തു കാര്യം?'

അതോടെ മത്സ്യത്തൊഴിലാളികൾ തുഴ കൈയിലെടുത്തു. അവർ തുഴയാൻ തുടങ്ങിയതോടെ വഞ്ചി കരയിലേക്കു നീങ്ങി.